**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :**T*2469** **09.12.2014** ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എളമരം കരീം | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾ ഉന്നയിച്ചുവരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗം വിളിക്കുകയുണ്ടായോ; | (എ) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് 28.01.2014 ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്നിരുന്നു. കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 30.05.2014 തീയതിയിൽ റവന്യൂ-കയർ മന്ത്രിയുടെ അധ്യക്ഷതയിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു |
| (ബി) | പ്രസ്തുത യോഗതീരുമാനങ്ങൾ വിശദമാക്കുമോ; | (ബി) ഓരോ വ്യവസായത്തിനും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും യൂണിയൻ നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തുവാൻ തീരുമാനിച്ചു. ഓരോ വ്യവസായ തലത്തിലുള്ള ചർച്ചകൾക്കു ശേഷം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം കൂടി അന്തിമ തീരുമാനം കൈക്കൊള്ളുവാനും തീരുമാനിച്ചു. പരമ്പരാഗതവ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ജപ്തിനടപടികൾക്ക് ആറു മാസത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാനും ഖാദിതൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തു തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുവാനും ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക മാസം തോറും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനമായി. ആഭ്യന്തര തൊണ്ടു സംഭരണത്തിന് ക്രിയാത്മകവും ഫലപ്രദവുമായ ഒരു പദ്ധതി എല്ലാവരും കൂടി ചർച്ച ചെയ്ത് കണ്ടെത്തണമെന്നും മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനമെടുത്തിരുന്നു.<br>നാളികേര തൊണ്ട് സംഭരണത്തിന് വരും |

വർഷത്തിൽ സർക്കാർ മുന്തിയ പരിഗണന നൽകുവാനും കയർ പിരിമേഖലയിലെ കൂലി 260/- രൂപയിൽ നിന്നും 01.03.2014 മുതൽ 300/- രൂപയായി വർദ്ധിപ്പിക്കുവാനും വർദ്ധിപ്പിച്ച കൂലി സംഘങ്ങൾ നൽകേണ്ടി വരുന്നതിനാൽ കയറിന്റെ സംഭരണവില അതനുസരിച്ച് പുതുക്കി നിശ്ചയിക്കുവാൻ കയർഫെഡിന് നിർദ്ദേശം നൽകുവാനും ഉൽപ്പന്നങ്ങളുടെ വിലയും അതിനനുസരിച്ച് നിശ്ചയിക്കുവാൻ ഗ്രീവൻസ് കമ്മറ്റി കൂടുവാൻ കയർകോർപറേഷന് നിർദ്ദേശം നൽകുവാനും തൊഴിലാളികൾക്ക് തൊഴിൽ നൽകുമെന്ന് ഉറപ്പുള്ള സംഘങ്ങളെ കൂടുതൽ പ്രാധാന്യം നൽകി സഹായിക്കുമെന്നും തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് ഒരു പുതിയ ആകർഷകമായ പദ്ധതി ആവിഷ്കരിക്കുമെന്നും റവന്യൂ-കയർ മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗങ്ങളിൽ തീരുമാനമെടുത്തിരുന്നു.

(സി) പ്രസ്തുത തീരുമാനങ്ങൾ നടപ്പായിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

(സി) പരമ്പരാഗതവ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ജപ്തിനടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഓരോ മേഖലയിലും ഉൾപ്പെടുന്ന സാമ്പത്തിക ബാധ്യത പ്രത്യേകം കാണിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഖാദിതൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തു തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുമെന്ന തീരുമാനവും നടപ്പാക്കുന്നതിനായി നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക മാസം തോറും വിതരണം ചെയ്യുന്നതിനുള്ള തീരുമാനം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

കയർമേഖലയിലെ ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യുന്നതിനായി സർക്കാർ കയർഫെഡിനെ ചുമതലപ്പെടുത്തുകയും ഇതിനായി കയർഫെഡിന് ധനസഹായം അനുവദിക്കുകയും ചെയ്തു.

കയർപിരി മേഖലയിലെ കുറഞ്ഞകൂലി 300/- രൂപയായി വർദ്ധിപ്പിച്ചു. കയറിന്റെ സംഭരണ വില പുതുക്കി നിശ്ചയിച്ചു. ഗ്രീവൻസ് കമ്മിറ്റി കൂടി കയർ ഉൽപ്പന്നങ്ങളുടെ വിലയും പുതുക്കി നിശ്ചയിച്ചു. ചകിരി ഉൽപ്പാദനത്തിന് നാളീകേര വികസന ബോർഡുമായി ചേർന്നുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി.

സെക്ഷൻ ഓഫീസർ